(ബി) ഈ സെന്ററിന്റെ നിർമ്മാണത്തിന്റെ കരാർ ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സെന്ററിന്റെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര ചതുരശ്രഅടി കെട്ടിടമാണ് ഇവിടെ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഈ കെട്ടിടത്തിന്റെ മറ്റ് സൗകര്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ആലുവ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിന് 205.69 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്.

(സി) നിർമ്മാണം 31-3-2011-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 1638.6 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ 3 നിലകളിലായിട്ടാണ് കെട്ടിടം നിർമ്മിക്കുന്നത്. ടി കെട്ടിടത്തിൽ കമ്പ്യൂട്ടർ പരിശീലനത്തിനും സ്റ്റെനോഗ്രാഫി പഠനത്തിനുമുള്ള മുറികൾ, പ്രിൻസിപ്പാളിന്റെ ഓഫീസ്, സന്ദർശകർക്കുള്ള മുറി, ഓഫീസ്, വായനശാല എന്നിവയ്ക്കുള്ള മുറികൾ, ഗ്രന്ഥശാല, കോൺഫറൻസ് ഹാൾ, ഡൈനിംഗ് ഹാൾ, കോർട്ട് യാർഡ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേവികുളം ഗിരിജൻ ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് എസ്. സി./എസ്. റ്റി. ഫെഡറേഷൻ കൊടുക്കേണ്ട കുടിശ്ശിക

143 (1106) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികജാതിവർഗ്ഗക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം ഗിരിജൻ ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഇടമലക്കുടി എന്ന സ്ഥാപനത്തിന് എസ്.സി./എസ്.റ്റി. ഫെഡറേഷൻ കൊടുക്കേണ്ട കുടിശ്ശിക കൊടുത്തുതീർത്തോ എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര വർഷത്തെ കുടിശ്ശികയാണ് ഉള്ളത് ; കൊടുത്തുതീർത്തിട്ടില്ലെങ്കിൽ എന്നത്തേക്ക് നൽകാനാകും ; സർക്കാർ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ഫുൾ ബോർഡിൽ ഈ വിഷയം ചർച്ച ചെയ്ത് ഈ സംഘത്തിനെ രക്ഷപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ?

ഉത്തരം

(എ) കൊടുത്ത് തീർത്തിട്ടില്ല.

(ബി) 14-1-2009-ലെ എ.ആർ.സി. 1045/03 നമ്പർ കേസിന്റെ വിധി പ്രകാരം 7,03,532 രൂപയും 30-7-2003 മുതൽ 2% പലിശയും നൽകേണ്ടതുണ്ട്. ഫെഡറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് തുക നൽകുന്നതാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ഫുൾ ബോർഡിൽ ഇക്കാര്യം ചർച്ചയ്ക്ക് വയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly